Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഭാരത അന്താരാഷ്ട്ര വ്യാപാര മേള 2012 - പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്

സ.ഉ(സാധാ) നം. 3082/2012/തസ്വഭവ    തിരുവനന്തപുരം, തീയതി, 07/11/2012

---

പരാമർശം: (1) സ.ഉ. (സാധാ) 2485/12/തസ്വഭവ തീയതി 25/08/2012

(2) പഞ്ചായത്ത് ഡയറക്ടറുടെ 30/10/2012 ലെ ജി2-22065/12 നമ്പർ കത്ത്

**ഉത്തരവ്**

ന്യൂഡൽഹിയിൽ വച്ച് 2012 നവംബർ മാസത്തിൽ നടക്കുന്ന ഭാരത അന്താരാഷ്ട്ര വ്യാപാര മേളയിൽ പഞ്ചായത്ത് വകുപ്പ് പങ്കെടുക്കുന്നതിനാവശ്യമായ തുക ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും 500 രൂപ നിരക്കിൽ നൽകുന്നതിന് പരാമർശം ഒന്ന് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത മേളയിൽ പങ്കെടുക്കുന്നതിന് സമർപ്പിച്ച പ്രൊപ്പോസലിൽ 4 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് നൽകിയതെന്നും, ടി തുക അപര്യാപ്തമായതിനാൽ 4,25,000/- രൂപ (നാല് ലക്ഷത്തിൽ ഇരുപത്തയ്യായിരം രൂപ) യുടെ പുതുക്കിയ എസ്റ്റിമേറ്റിന് അനുമതി നൽകണമെന്ന് പരാമർശം രണ്ട് പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ന്യൂഡൽഹിയിൽവച്ച് 2012 നവംബർ മാസത്തിൽ നടത്തുന്ന അന്താരാഷ്ട്ര വ്യാപാര മേളയിൽ പങ്കെടുക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച 4,25,000/- രൂപ (നാല് ലക്ഷത്തിൽ ഇരുപത്തയ്യായിരം രൂപ) യുടെ പുതുക്കിയ എസ്റ്റിമേറ്റിന് അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

**ജി. ശിവപ്രസാദ്**
അഡീഷണൽ സെക്രട്ടറി

1. ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ ( എ&ഇ / (ഓഡിറ്റ്), തിരുവനന്തപുരം.
4. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ